# ദാരിദ്ര്യമല്ല ചോദിച്ചു വാങ്ങേണ്ടത്

**2009** ജൂലൈ 11ലെ *പ്രബോധന*ത്തിൽ 'ചോദിച്ചുവാങ്ങുന്ന ദാരിദ്ര്യം' എന്ന പേരിൽ വന്ന 'വഴിവെളിച്ചം' തെറ്റിദ്ധാരണാജനകമാണ്. പ്രവാചകൻ പ്രാർഥിച്ചത് മിസ്കീനായി ജീവിക്കണമെന്നാണ്; ഫഖീറായി ജീവിക്കണം എന്നല്ല. കാരണം മിസ്കീൻ, ഫഖീർ എന്നീ പദങ്ങളുടെ അർഥതലങ്ങൾ വ്യത്യസ്തമാണ്. ഫഖീറെന്നാൽ ദരിദ്രൻ അഥവാ ജീവിക്കാൻ വകയില്ലാതെ കഷ്ടപ്പെടുന്നവൻ. ഇത് ശാപമാണ്. അത്തരം ദാരിദ്ര്യം പിടികൂടാതിരിക്കാൻ പ്രാർഥനകൾ നിർദേശിച്ചിട്ടുണ്ട്. ആ ദാരിദ്ര്യം ദൈവനിഷേധത്തോളം ചെന്നെത്തുന്നതിനെ പ്രവാചകൻ ഭയപ്പെട്ടിട്ടുമുണ്ട്.

മിസ്കീൻ എന്നാൽ പ്രയാസപ്പെട്ടുകൊണ്ട് ജീവിതം തള്ളിനീക്കുന്നവൻ എന്നർഥം. വേഷഭൂഷാദികൾ കൊണ്ടോ ജീവിതരീതികൾ കൊണ്ടോ അവനെ തിരിച്ചറിയാൻ കഴിയുകയില്ല. ആവശ്യങ്ങൾക്ക് വേണ്ടി അന്യന്റെ മുമ്പിൽ കൈനീട്ടുകയുമില്ല. ഇവർ പരലോകത്ത് ഭാഗ്യവാന്മാരുടെ കൂട്ടത്തിലാണ്. ഈ അവസ്ഥ വിധിവശാൽ വന്നുചേർന്നതാവാം. അല്ലെങ്കിൽ സമ്പന്നനായ ഒരാൾ സ്വയം തെരഞ്ഞെടുത്തതുമാവാം. ഈയൊരു ജീവിതരീതി സ്വന്തമാക്കാൻ തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ മാറ്റിവെച്ച് ഒരു സമ്പന്നൻ തയാറാവുക, മിച്ചം വരുന്ന സ്വത്ത് ദൈവമാർഗത്തിൽ ചെലവഴിക്കാൻ വേണ്ടിയാണ്. എങ്കിൽ അയാൾക്കുള്ളതാണ് സ്വർഗം. അത് മനസ്സിലാക്കി ക്ലിഷ്ട ജീവിതം നയിച്ച് സ്വർഗം നേടാൻ ശ്രമിച്ച പ്രവാചക ശിഷ്യന്മാർ നിരവധിയാണ്. അബ്ദുർറഹ്മാനുബ്നു ഔഫ് അക്കൂട്ടത്തിൽ പ്രശസ്തനാണ്. സമ്പന്നതയുടെ കൊടുമുടി കീഴടക്കിയപ്പോഴും അദ്ദേഹം ധൂർത്തും ദുർവ്യയവും ഒഴിവാക്കി.


സമ്പന്നതയിലും ഇത്തരം ജീവിതം തെരഞ്ഞെടുക്കാനുള്ള മനസ്സ് നൽകി അനുഗ്രഹിക്കേണമേ എന്നാണ് പ്രസ്തുത തിരുവചനം അർഥമാക്കുന്നത്; ദരിദ്രനാക്കണം എന്നല്ല. പ്രവാചകന്റെ പ്രസ്തുത പ്രാർഥന കേട്ടപ്പോൾ 'എന്തുകൊണ്ട് ഇങ്ങനെ' എന്ന് ഭാര്യ ചോദിച്ചു. നബിയുടെ മറുപടി, 'ആഇശാ, മിസ്കീനുകളായിരിക്കും സ്വർഗത്തിൽ ആദ്യം പ്രവേശിക്കുക. അവരോടൊപ്പം എനിക്കും പ്രവേശനം കിട്ടണം'എന്നായിരുന്നു.

**മൈമൂന കരീം ചേന്ദമംഗല്ലൂർ**

# പൊന്നാനിയിൽ ലഭിക്കാതെ പോയ സീറ്റ്

**'തെരഞ്ഞെടുപ്പ്** വിശകലനം: ജമാഅത്ത് നിരൂപകർ കാണാതെ പോകുന്നത്' (ലക്കം 6) എന്ന ടി. മുഹമ്മദ് വേളത്തിന്റെ ലേഖനത്തിൽ പരാമർശിക്കാതെ പോയ ഒരു കാര്യം സൂചിപ്പിക്കുന്നു.

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഭൂരിപക്ഷം മണ്ഡലങ്ങളിലും ഇടതുപക്ഷത്തെ ജമാഅത്ത് പിന്തുണച്ചതിൽ അസ്വസ്ഥത പ്രകടിപ്പിക്കുന്ന എ.പി കുഞ്ഞാമു, ഒളിച്ചുവെക്കാൻ ശ്രമിക്കുന്ന ഒരു വലിയ സത്യം ഉണ്ട്. പൊന്നാനിയിലെ ഇടതുപക്ഷ സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉണ്ടായപ്പോൾ, സി.പി.ഐ നേതൃത്വം പൊന്നാനിയിലെ തങ്ങളുടെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചത് എ.പി കുഞ്ഞാമുവിനെയായിരുന്നു. സമീപകാലത്ത്, സ്വന്തം പേരിലും തൂലികാനാമത്തിലും തന്റെ കോളങ്ങളിൽ ഇടതുപക്ഷ നിലപാടുകളെ വളരെ ശക്തമായി വിമർശിക്കുകയും പരിഹാസ രൂപേണ അവതരിപ്പിക്കുകയും ചെയ്തിരുന്ന അദ്ദേഹത്തിൽനിന്നും സീറ്റ് നിരസിച്ചുകൊണ്ടുള്ള ഒരു മാന്യമായ പ്രതികരണം സ്വാഭാവികമായും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അത്ഭുതപ്പെടുത്തിക്കൊണ്ട്, മത്സരിക്കാൻ സന്നദ്ധനായ ബാങ്കിംഗ് മേഖലയിലെ ഇടതുപക്ഷ അനുകൂല സംഘടനയുടെ അഖിലേന്ത്യാ നേതാവായ എ.പി കുഞ്ഞാമുവിനെയാണ് പിന്നീട് കണ്ടത്. മത്സരരംഗത്തേക്ക് ഇറങ്ങാൻ ശ്രമിച്ചതും തുടർന്ന് 'വല്യേട്ടൻ' ഇടതുപാർട്ടിയുടെ ശക്തമായ ആരോപണം ഉയർന്നപ്പോൾ പിന്മാറേണ്ടി വന്നതും ഏതൊരു ശരാശരി പത്രവായനക്കാരുടെയും ഓർമകളിൽനിന്നും മാഞ്ഞുപോകാത്ത സംഭവമാണ്.




ഇനി പൊന്നാനിയിൽ സാക്ഷാൽ എ.പി കുഞ്ഞാമു ഇടതു സ്ഥാനാർഥിയായി മത്സരിച്ചെന്ന് കരുതുക. സമർഥരായ മുസ്ലിം എം.പിമാരുടെ പ്രാതിനിധ്യം ലോക്സഭയിൽ ഉണ്ടാകണമെന്ന അടിസ്ഥാനത്തിൽ ജമാഅത്ത് ഈ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥിയായ ഇ.ടി മുഹമ്മദ് ബഷീറിനെയാണ് (തന്റെ കന്നി ലോക്സഭാ പ്രസംഗത്തിൽ അത് അദ്ദേഹം തെളിയിക്കുകയും ചെയ്തു) പിന്തുണച്ചത് എന്നും കരുതുക. എങ്കിൽ ഇപ്പോൾ എഴുതിയതിൽനിന്നും വിഭിന്നമായി പൊന്നാനിയിൽ ഐക്യജനാധിപത്യ മുന്നണിയെ പിന്തുണച്ചതിനെതിരായിരിക്കും ലേഖകന്റെ പരിഭവം.

**പി.പി.കെ സിയാദ് ജിദ്ദ**

# നാലപ്പാട്ടുമായുള്ള അഭിമുഖം പ്രചരിപ്പിക്കണം

**കമലാ** സുറയ്യയുടെ മകൻ എം.ഡി നാലപ്പാട്ടുമായി *പ്രബോധനം* സബ് എഡിറ്റർ സദ്റുദ്ദീൻ വാഴക്കാട് നടത്തിയ അഭിമുഖം (ഇസ്ലാം സമഭാവനയുടെ ദർശനം- ലക്കം 3) വായിച്ചു. *പ്രബോധനം* വായിക്കാനവസരം കിട്ടാത്തവർക്ക് കൂടി ഇത് ഉപകരിക്കണമായിരുന്നു.

ജീവിതത്തിന്റെ സിംഹഭാഗവും ഒരു മതത്തിൽ ജീവിക്കുകയും അവസാനം ആരുടെയും നിർബന്ധമോ പ്രേരണയോ ഇല്ലാതെ ഇസ്ലാം സ്വീകരിക്കുകയും അതിന്റെ ആരാധനകൾ ഉറ്റവർ മറ്റു മതസ്ഥരായിട്ടും സ്വഭവനത്തിൽ വെച്ച് എതിർപ്പില്ലാതെ അനുഷ്ഠിച്ച് കടന്നുപോവുകയും ചെയ്യുക എന്നത് ഒരത്ഭുതം തന്നെയാണ്.

ഈ അഭിമുഖത്തിൽ ഹൃദയത്തിൽ തട്ടുന്ന പല കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത അഭിമുഖം കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ ശ്രദ്ധിക്കണം.

**എം.എ അഹ്മദ്**
**തൃക്കരിപ്പൂർ**

# സുറയ്യ ഖബറടക്കിയ പൊതുബോധങ്ങൾ

**പ്രശസ്ത** കഥാകാരിയും കവയിത്രിയുമായ കമലാ സുറയ്യയുടെ മരണത്തോട് അനുബന്ധിച്ചുണ്ടായ ചരിത്രപരമായ നിയോഗം ഏറെ ആഹ്ലാദദായകമാണ്. തുടർന്നുണ്ടായ ചെറുന്യൂനപക്ഷത്തിന്റെ അസഹിഷ്ണുതയും അവർ പൊതുമാധ്യമങ്ങൾ ഉപയോഗിച്ച് ചെയ്ത പൊല്ലാപ്പും *പ്രബോധന*ത്തിന് അവഗണിക്കാമായിരുന്നു.

മുസ്‌ലിംകളിലെ പൊതുബോധവും അതിനനുസരിച്ച ജീവിതരീതികളും ഈ അസഹിഷ്ണുക്കളെ സൃഷ്ടിച്ചില്ലാ എന്ന് ആരു കണ്ടു. തിരുവനന്തപുരം പാളയം പള്ളി കമ്മിറ്റിയും അതിന്റെ ഉന്നതമായ മത നേതൃത്വവും, ആദ്യന്തം മയ്യിത്തിനെ അനുഗമിച്ച പണ്ഡിതനും ചിന്തകനുമായ ശൈഖ് മുഹമ്മദ് സാഹിബിന്റെ സാന്നിധ്യവും ഈ സുഖപര്യവസായിലെത്തിച്ചു എന്നു കാണുന്നതല്ലേ സത്യം. മറിച്ചായിരുന്നെങ്കിൽ! നിസ്വാർഥമായ ഇടപെടലുകളിൽ അല്ലാഹുവിന്റെ കൈതാങ്ങ് ഉറപ്പാണെന്നതിന്റെ മകുടോദാഹരണമാണീ സംഭവം.

സുറയ്യയുടെ ഖബറടക്കത്തോടെ മറമാടപ്പെട്ടത് പൊതുസമൂഹത്തിന്റെ ധാരണയേക്കാൾ മുസ്‌ലിം ഉമ്മത്തിന്റേതുതന്നെയായിരുന്നു. മുസ്‌ലിംകളിലെ ഉൽപതിഷ്ണു വിഭാഗം പോലും ഇതിന് അപവാദമല്ല. ഇന്നും നമ്മുടെ നാട്ടിൽ മതവിഭാഗങ്ങൾ ഹൃദ്യമായ സൗഹൃദം പുലർത്തുന്ന ഒരുപാട് രംഗങ്ങളുണ്ട്. അതിൽ സുപ്രധാനമായതാണ് വിവാഹരംഗം. ജാതീയത, വിഭാഗീയത, മത-വർണ വ്യതിരിക്തത, ദരിദ്ര കുബേര അന്തരങ്ങൾ തുടങ്ങിയവ വെളിവാക്കാതെ സഹജീവി സമവായത്തോടെ പവിത്രത കളിയാടുന്ന മഹോത്സവമാണ് അധിക ഗ്രാമീണ വിവാഹങ്ങളും. മുസ്‌ലിംകളും ഈ കൂട്ടായ്മയിൽ തന്മയത്വത്തോടെ ഇടപെട്ടുവരുന്നു. പക്ഷേ, അടുത്തകാലത്തായി ചില സ്ഖലിതങ്ങൾ അരങ്ങേറിത്തുടങ്ങിയിട്ടുണ്ട്. 'നികാഹ്' പവിത്രമായ ഒരു ചടങ്ങാണെന്നും മറ്റുള്ളവരുടെ സാന്നിധ്യം അതിൽ 'കളങ്കം' സൃഷ്ടിക്കുന്നുവെന്നുമുള്ള അപ്രഖ്യാപിത മുല്ലാ 'ഫത്‌വ'കളുടെ പരിണത ഫലമായി ചില സ്ഥലങ്ങളിൽ നികാഹ് പള്ളിയിലേക്ക് പറിച്ചു മാറ്റപ്പെട്ടുവരുന്നു; പ്രത്യക്ഷത്തിൽ ഇവ അംഗീകരിക്കില്ലെങ്കിലും. പള്ളിയിലേക്ക് നിക്കാഹിന് സാക്ഷിയാകാൻ മറ്റു വിഭാഗങ്ങളെ ക്ഷണിക്കാൻ എത്ര പേർ തയാറാകും? എത്ര കമ്മിറ്റികൾ പ്രവേശനം അനുവദിക്കും?

പന്തലിന്റെ വലുപ്പവും മണിയറയുടെ രൂപഭംഗിയും ഭക്ഷണത്തിലെ വൈവിധ്യങ്ങളും സർവരാലും പങ്കുവെക്കപ്പെടുമ്പോൾ ഇസ്‌ലാമിന്റെ ലാളിത്യവും തനിമയും സ്നേഹപൂർവമായ സദുപദേശങ്ങളും സർവജനങ്ങൾക്കും ദൃശ്യമാകാനും പഠിക്കാനുമുള്ള അവസരം നഷ്ടപ്പെടുന്നതിനെ സമുദായനേതൃത്വം ഗൗരവത്തിൽ കാണണമെന്ന് കൊതിച്ചുപോകുന്നു. ബഹുസമൂഹത്തെ മാത്രമല്ല, സമൂഹത്തിന്റെ നല്ലപാതിക്കും ഇതിലൂടെ നഷ്ടമുണ്ടാകുന്നത് തിരിച്ചറിയുക. വരന് എല്ലാം അനുഭവവേദ്യമാകുമ്പോൾ വധുവിന് എല്ലാം നിഷേധിക്കപ്പെടുന്നുവെന്നർഥം.

ഇസ്‌ലാമിലെ സാമൂഹിക ക്ഷേമ പദ്ധതികളിൽ തങ്ങളുടെ അയൽപക്കത്തുള്ളവന് അറബി പേരില്ലാത്തതിന്റെ പേരിൽ ആനുകൂല്യം നിഷേധിക്കപ്പെടുന്നതിനും 'കിതാബുകൾ' കാരണമാകുന്നു. അല്ലാഹുവിന്റെ വിശുദ്ധ വേദഗ്രന്ഥത്തിന് എതിരായിട്ടുപോലും പ്രമാണ വംശീയത പൈതൃകമായി അവനിൽ ഊട്ടിയുറപ്പിക്കപ്പെട്ടത് 'ഉമ്മത്ത്' തിരിച്ചറിയുന്നില്ല. അടുത്തകാലത്ത് സോളിഡാരിറ്റിയുടെ ആവിർഭാവത്തോടെയാണ് ഈയൊരു പൊതുധാരണ അട്ടിമറിക്കപ്പെട്ടത്. നൂറ്റാണ്ടുകളായി ജാതിബോധത്തിൽനിന്നും പരിവർത്തിക്കപ്പെട്ട് സത്യവിശ്വാസത്തിലെത്തിപ്പെട്ട സമൂഹം ജാതിയുടെ അഹംഭൂതത്തെ ഇപ്പോഴും പേറിനടക്കുന്നുവെന്നർഥം. അതുകൊണ്ടാണ് മതേതരത്വ-ജനാധിപത്യവാദികൾ പോലും സോളിഡാരിറ്റിയിൽ രാഷ്ട്രീയ നേട്ടമെന്ന അനിസ്‌ലാമികത കാണുന്നത്.

അല്ലാഹുവിന്റെ സൃഷ്ടികളെന്ന നിലയിൽ ശത്രുക്കളോടു പോലും ജീവകാരുണ്യത്തിന്റെ മാതൃസ്നേഹം കവിഞ്ഞൊഴുക്കിയ പ്രവാചകൻ മുഹമ്മദി(സ)ന്റെ അനുയായികളെന്ന നിലയിൽ സർവ ജീവജാലങ്ങളെയും നമുക്ക് സ്നേഹിക്കാം. രോഷമൂറുന്ന തൂലിക ചലിപ്പിച്ചുകൊണ്ടല്ല; കമലാ സുറയ്യ നേടിയ വെളിച്ചവും അവർ ഖബറടക്കിയ മിഥ്യാധാരണകളെയും മുന്നിൽവെച്ച് കൊണ്ട്, ജീവിക്കുന്ന ലാ ഇലാഹ ഇല്ലല്ലാക്ക് സാക്ഷിയായിക്കൊണ്ട്. നമുക്ക് നന്മ വിതറി സർവ സമൂഹത്തിന്റെയും ഉത്തമ സമുദായമാകാം.

**നാജിദാ ബാനു ആദിരാജാ കണ്ണൂർ**

## കശ്മീരിലെ ക്രൂരതകൾ

**കശ്മീരിൽ** രണ്ടു യുവതികളെ സൈനികർ ബലാൽസംഗം ചെയ്തുകൊന്ന് തോട്ടിലെറിഞ്ഞ സംഭവം ഏറെ ഒച്ചപ്പാടിനിടയാക്കുകയുണ്ടായി. ഇടക്കിടെ ആവർത്തിക്കുന്ന ഇത്തരം ക്രൂരതകൾ, തണുക്കുന്ന കശ്മീരിനെ കലാപകലുഷമാക്കുകയാണ് ചെയ്യുന്നത്.

മദ്യവും മദിരാക്ഷിയും നൽകി രാജ്യം തീറ്റിപ്പോറ്റുന്ന നമ്മുടെ 'വീര'ജവാന്മാരുടെ ചെയ്തികൾ രാജ്യസ്നേഹത്തിന്റെ പേരിൽ ചോദ്യം ചെയ്തുകൂടാത്തതാണ്! വ്യാജ ഏറ്റുമുട്ടലുകളും കൂട്ടബലാൽസംഗങ്ങളും നടത്തി മദിച്ചുനടക്കുന്ന സൈനികരുടെ ചെയ്തികൾ പുറത്തുവരാറേയില്ല. എന്നാൽ ഈ സംഭവം എന്തുകൊണ്ടോ ന്യായീകരിച്ച് മറക്കാൻ പറ്റാത്തവിധത്തിൽ തെളിഞ്ഞുനിൽക്കുകയാണ്. സൈനിക യൂനിഫോമിൽ അതിർത്തി നുഴഞ്ഞുകയറിവരുന്ന 'ഭീകര'രുടെ അക്കൗണ്ടിലേക്ക് കയറ്റേണ്ട ഈ സംഭവത്തിൽ, അത്തരം ന്യായീകരണത്തിന് നിൽക്കാതെ ആഭ്യന്തരവകുപ്പ് തന്നെ തെറ്റ് സമ്മതിച്ചിരിക്കുന്നു.

കശ്മീരിലെ സമകാലിക സംഭവവികാസങ്ങളെ ആസ്പദിച്ച് എസ്. മഹാദേവൻ തമ്പി എഴുതിയ 'ആസാദി' എന്ന നോവലുണ്ട്. നോവലിലുടനീളം കശ്മീരിലെ ഓരോ കാര്യങ്ങളും സർക്കാർ ഭാഷ്യത്തെ അപ്പടി അവതരിപ്പിക്കുന്നു. ഭരണകൂട ഭീകരതയെ തമസ്കരിച്ച്, അത്തരം വിഷയങ്ങൾ പരാമർശിക്കുക പോലും ചെയ്യാതെ ആടിനെ പട്ടിയാക്കുന്ന വിധത്തിലാണ് നോവൽ! ഭീകരതയെ എതിർക്കുന്നതോടൊപ്പം ഭരണകൂട ഭീകരതയെന്ന യാഥാർഥ്യത്തെയും നോവലിസ്റ്റിന് മരുന്നിന് വേണ്ടിയെങ്കിലും തൊട്ടുപോകാമായിരുന്നു. സമകാലിക വിഷയങ്ങൾ സാഹിത്യ രചനക്ക് വിഷയമാക്കുമ്പോൾ അത് ചരിത്രമാവുമെന്ന് തിരിച്ചറിഞ്ഞ് കുറച്ചുകൂടി യാഥാർഥ്യബോധ്യത്തോടെ കാര്യങ്ങളെ സമീപിക്കാമായിരുന്നു.

**നുഹ ബിൻത് കവ്വായി**
**പയ്യന്നൂർ**

## കശ്ഫുൽ മഹ്ജൂബ്

**മിയാൻ** തുഫൈൽ മുഹമ്മദിനെക്കുറിച്ച് എഴുതിയത് (ലക്കം 6) വായിച്ചു. പാക് ജമാഅത്ത് ചരിത്രത്തിന്റെ രത്നചുരുക്കം അതിലുണ്ട്. *കശ്ഫുൽ മഹ്ജൂബ്* തുഫൈൽ സാഹിബിന്റെ കൃതിയല്ല. ഗസ്നവി കാലഘട്ടത്തിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജീവിച്ച അലി ഹുജ്‌വീരിയുടെ പാഴ്സിയിലുള്ള കൃതിയാണത്. തസവ്വുഫിനെക്കുറിച്ച ആധികാരിക കൃതികളിലൊന്ന്. മൗലാനാ മൗദൂദിയുടെ പ്രേരണയാൽ ആ കൃതി തുഫൈൽ ഉർദുവിലേക്ക് പരിഭാഷപ്പെടുത്തുകയായിരുന്നു.

**സി.കെ മുഹമ്മദ് കരുവാരകുണ്ട്**

# വംശീയതയെ മാനവികതകൊണ്ട് തോൽപ്പിക്കുക

**വംശീയത** മനുഷ്യചരിത്രത്തിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വന്തം വംശത്തിന് അതുല്യ സ്ഥാനം നൽകി ഇതരരെ അധമരും അസ്പൃശ്യരുമായി കരുതി അവരെ ആക്രമിക്കാനും ഉന്മൂലനം ചെയ്യാനും മുതിരുമ്പോഴാണ് സംഘർഷവും വംശീയ സംഘട്ടനങ്ങളും പൊട്ടിപ്പുറപ്പെടുന്നത്. വംശീയതയുടെ ഈ ക്രൂരമുഖമാണ് നാസിസവും ഫാഷിസവും സയണിസവും. അന്ധമായ ദേശീയതയും മതകീയതയും വൈകാരികതലത്തിൽ കൂട്ടിക്കുഴച്ചുണ്ടാക്കിയ തത്ത്വശാസ്ത്രം കൊണ്ടാണ് ഇത്തരം സംഘടനകൾ ആളെ കൂട്ടുന്നത്. ഹിന്ദുത്വം അജണ്ടയാക്കി സവർണാധിപത്യവും വംശവെറിയും വർഗീയതയും പ്രചണ്ഡമായി പ്രചരിപ്പിച്ച് ന്യൂനപക്ഷ സമുദായങ്ങളെ ക്രൂരമായി ആക്രമിക്കുകയും അവരെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സംഘ്പരിവാർ പ്രഭൃതികൾ ഹിന്ദുധർമമായി അംഗീകരിച്ച സനാതന ധർമത്തിന്റെ ശത്രുക്കളാണ്. ഈ തിരിച്ചറിവ് കൊണ്ടായിരിക്കണം ഹിന്ദു സഹോദരന്മാരിൽ ബഹുഭൂരിപക്ഷവും സംഘ്കൂടാരത്തിൽ ചേക്കേറാതിരിക്കുന്നത്.

സനാതന ധർമം വിളംബരം ചെയ്യുന്ന വേദങ്ങൾക്ക് മാനുഷിക മുഖമാണുള്ളത്. ഹിന്ദുധർമത്തിന്റെ അചഞ്ചലമായ അടിസ്ഥാനമായിട്ടാണ് ഋഗ്വേദത്തെ ഇന്നും ജനങ്ങൾ ഗണിക്കുന്നത്. ശ്രുതിയെ പ്രമാണീകരിക്കാത്ത മത സമ്പ്രദായങ്ങൾ നാം സനാതന ധർമമായി സ്വീകരിക്കുന്നില്ല (*ഋഗ്വേദ സംഹിത:* വള്ളത്തോൾ ഭാഗം രണ്ട്, പേജ് ഒന്ന്).

*ഋഗ്വേദ*ത്തിന്റെ അവസാന മന്ത്രം, ലോക സൗഖ്യം മനുഷ്യവംശത്തിന്റെ ഐക്യത്തിലാണ് നിലകൊള്ളുന്നതെന്ന് ഉദ്ബോധിപ്പിക്കുന്നു:

"സംഗഛധ്വം സംവദധ്വം സംവോ മനാംസി ജാനതാമ്
ദേവോ ഭാഗം യഥാ പൂർവേ സംജാനാനാ ഉപാസതേ
സമാനോ മന്ത്രഃ സമിതിഃ സമാനീ
സമാനം മനഃ സഹച്ചിത്ത മേഷാമ്
സമാനം മന്ത്രമഭിമന്ത്രയേ വഃ
സമാനേന വോ ഹവിഷാ ജൂഹോമി
സമാനീവ ആകൂതിഃ സമാനാ ഹൃദയാനിവഃ
സമാന മനസ്തുവോ മനോ യഥാവ സുസഹാസതി" (*ഋഗ്വേദം* 10-190: 2,3,4).

(അല്ലയോ മനുഷ്യരേ, നിങ്ങൾ എല്ലാവരും ഒന്നിപ്പിൻ, അന്യോന്യം സംവാദം നടത്തുവിൻ. നിങ്ങളുടെ മനസ്സ് ഒരേ അറിവ് ഉള്ളതാകട്ടെ. മുമ്പ് വിദ്വാന്മാർ ഐകമത്യത്തോടെ ധർമത്തിന്റെയും ഐശര്യത്തിന്റെയും ഫലം അനുഭവിച്ചതു പോലെ നിങ്ങളും അനുഭവിപ്പിൻ. നിങ്ങളുടെ മന്ത്രം ഒന്നായിരിക്കട്ടെ. ഒരേ പരമമായ ലക്ഷ്യം നിങ്ങളുടെ മുമ്പാകെ ഞാൻ സ്ഥാപിക്കുന്നു. ഒരേ യജ്ഞം നിങ്ങൾക്കായി ഞാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ സങ്കൽപം സമാനമായിരിക്കട്ടെ. നിങ്ങളുടെ ഹൃദയം സമാനമായിരിക്കട്ടെ. നിങ്ങളുടെ മനസ്സ് ഒന്നായിരിക്കട്ടെ. ഇപ്രകാരം നിങ്ങളുടെ ശുഭമായ മിത്രത സദാ പുലരട്ടെ).

ഏറ്റവും പുരാതനമായ വേദഗ്രന്ഥമായ *ഋഗ്വേദം* മനുഷ്യപുത്രന്മാരോട് കൂടിയിരുന്ന് അറിവ് പങ്കുവെക്കാനും ഒരു സംവാദ സംസ്കാരം രൂപപ്പെടുത്താനും ആഹ്വാനം ചെയ്യുന്നു. തദ്വാരാ ഒരേ അറിവുള്ളവരും ഒരേ ലക്ഷ്യബോധമുള്ളവരുമായി പരസ്പരം വൈരമില്ലാത്ത, പകയില്ലാത്ത ഒരു മനുഷ്യ സമൂഹത്തെ അത് മുന്നിൽ കാണുന്നു. സ്വയംകൃതമായ ദർശനങ്ങൾക്കും തത്ത്വശാസ്ത്രങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും അപ്പുറം കടന്ന് ചിന്തിക്കാൻ കൂട്ടാക്കാത്ത നമ്മോട്, സംവാദ സംസ്കാരത്തിലൂടെ അറിവും പരസ്പര തിരിച്ചറിവും ഉള്ളവരായി വർത്തിക്കാൻ ഹിന്ദുധർമത്തിന്റെ അടിസ്ഥാനമായ *ഋഗ്വേദം* ആവശ്യപ്പെടുന്നു.

*വേദസ്വരൂപം* എന്ന കൃതിയിൽ വി.കെ നാരായണ ഭട്ടതിരിപ്പാട് 'ജാതികളുടെ നിരർഥകത' എന്ന അധ്യായത്തിൽ പറയുന്നു: ''നാര്യമണം പുഷ്യതി നോ സഖായം കേവലാഘോ ഭവതി കേവലാദി" (ഈശ്വരനെ സേവിക്കാതെയും സഹജീവികളെ സഹായിക്കാതെയും കേവലം ഭക്ഷണം മാത്രം കഴിച്ചുകൊണ്ടിരിക്കുന്നവൻ മഹാ പാപിയാകുന്നു). ഈശ്വരസേവയും മനുഷ്യസേവയുമാണ് മനുഷ്യധർമമെന്നു സാരം. ഇഷ്ടപൂർത്തങ്ങൾ ചെയ്യണമെന്ന് ധർമശാസ്ത്രങ്ങളിൽ പറയുന്നതിന്റെ സാരവും ഇതു തന്നെയാണ്. ഇഷ്ടം=ഈശ്വരോപാസനം; പൂർത്തനം= സഹജീവി സേവനം.

"തന്നുസത്യം പവമാന സ്യാസ്തു യത്ര വിശ്വേകാരവസ്സന്ന സന്തം" (ഉപാസകന്മാർ എല്ലാവരും ഏതൊരു സ്ഥലത്ത് കൂടിച്ചേരുന്നു, അങ്ങനെ ഉള്ളതും എല്ലാറ്റിനെയും ശുദ്ധി വരുത്തുന്ന ഈശ്വരന്റേതും ആയ ആ സത്യമായ സ്ഥാനം വേഗത്തിൽ ഉണ്ടാവേണം- *ഋഗ്വേദം* പേജ് 14).

**സി. കുഞ്ഞിമുഹമ്മദ്**
**വേങ്ങര**

# സാംസ്കാരിക പ്രതിനിധാനങ്ങൾ തന്നെയാണ് പ്രധാനം

**'മഴവിൽ** ലോകത്തെ ഇസ്‌ലാം', 'ചരിത്രമെഴുത്തിന്റെ കലഹരീതികൾ' (ലക്കം 5) എന്നീ രണ്ട് ലേഖനങ്ങളും ശ്രദ്ധേയമായ നിരീക്ഷണങ്ങൾ സമർപ്പിക്കുന്നുണ്ട്. ഇസ്‌ലാമിക പ്രവർത്തകർ ബഹുസ്വരത, സ്വത്വരാഷ്ട്രീയം തുടങ്ങിയ ചിന്തകളുമായി പരിചയപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ വൈവിധ്യങ്ങളെയും സാംസ്കാരിക കലാപങ്ങളെയും ഇഴതിരിച്ച് അഭിസംബോധന ചെയ്യാൻ നമ്മുടെ ജിഹ്വകൾക്കും പ്രവർത്തന ശൈലികൾക്കും സാധിക്കണം. ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനങ്ങളേക്കാൾ പ്രാധാന്യമേറിയതാണ് മുസ്‌ലിം സമൂഹത്തിന്റെ സാംസ്കാരിക പ്രതിനിധാനങ്ങൾ. അവയാണ് പൊതുബോധത്തിൽ ഇസ്‌ലാമിനെ കൂടുതൽ അടയാളപ്പെടുത്തുന്നത്. വൈവിധ്യമാർന്നതും ശ്രദ്ധേയവുമായ ഇത്തരം പഠനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**എസ്. റമീസ് വളപട്ടണം**

# ചുരുക്കെഴുത്ത്

**ജൂൺ** 27ന്റ *പ്രബോധന*ത്തിൽ ഡോ. അബ്ദുസ്സലാം വാണിയമ്പലത്തിന്റെ വെബ്സൈറ്റിനെ പരിചയപ്പെടുത്തിക്കൊണ്ട് വന്ന, ശ്രദ്ധിച്ചുനോക്കുന്നവർക്ക് മാത്രം പരസ്യമാണെന്ന് മനസ്സിലാവുന്ന അറിയിപ്പ് ഒട്ടും ആശാസ്യമായില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിന് അഭിമാനിക്കാവുന്ന തരത്തിൽ പ്രവർത്തനസജ്ജമായ ഒരു വെബ്സൈറ്റ് ഉണ്ടായിരിക്കെ വ്യക്തികളുടെ പേരിൽ ഇങ്ങനെ ഒരു സൈറ്റും അതിന്റെ പരസ്യവും എന്തിനാണ്? ഈ സൈറ്റിലെ ഖുത്ബകളും ലേഖനങ്ങളും ഉൾപ്പെടെയുള്ള ഉള്ളടക്കങ്ങൾ ജെ.ഐ.എച്ച് കേരള സൈറ്റിലും *പ്രബോധനം* സൈറ്റിലും ഉള്ളതാണ്. അതിലുപരി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും സംവിധാനങ്ങളും നിർവഹിക്കാൻ പ്രസ്ഥാനം കാലാകാലങ്ങളിൽ ചുമതലപ്പെടുത്തുന്ന വ്യക്തികൾ, അത്തരം സേവനങ്ങളെ പ്രസ്ഥാനത്തിന്റെ മേൽവിലാസത്തിൽ പരിചയപ്പെടുത്തുന്നതിന് പകരം സ്വന്തം പേരിലേക്ക് ചുരുക്കിക്കൊണ്ടുവരുന്നതും ആശാസ്യമാണെന്ന് തോന്നുന്നില്ല. ഇത് തെറ്റായ കീഴ്വഴക്കങ്ങൾക്ക് തുടക്കം കുറിക്കും.

**കെ.എൻ വർദ കുവൈത്ത്**